പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4702 | 29.06.2012-ൽ മറുപടിയ്ക്ക്

## ആധുനിക രീതിയിലുള്ള സംഭരണശാലകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ:<br>ശ്രീ.ഹൈബി ഈഡൻ:<br>ശ്രീ.സണ്ണി ജോസഫ്: | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള സംഭരണശാലകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | എ) സംസ്ഥാനത്ത് ആധുനിക രീതിയിലുള്ള സംഭരണശാലകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് "നബാർഡ്" മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്. പുതിയ സംഭരണശാലകളും താപനിയന്ത്രണ സംഭരണശാലകളും ആധുനിക രീതിയിലുള്ള സംഭരണശാലകളും പണിയുന്നതിനായി കേരള സംസ്ഥാന ഗവൺമെന്റ് RIDF പദ്ധതി പ്രകാരം, നബാർഡ് 119.44 കോടി രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ കേന്ദ്ര സർക്കാരിന്റെ ഗ്രാമീൺ ഭണ്ഡാരൻ യോജനപ്രകാരം കാർഷികോൽപ്പന്നങ്ങൾ, സംസ്കരിച്ച കാർഷികോൽപ്പന്നങ്ങൾ, കാർഷികോൽപ്പാദനോപാധികൾ എന്നിവ ശാസ്ത്രീയമായി സംഭരിച്ചു സൂക്ഷിക്കുന്നതിന് സംഭരണ ശാലകൾ നിർമ്മിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഡയറക്ടറേറ്റ് ഓഫ് |

| | |
|---|---|
| | മാർക്കറ്റിംഗ് ആന്റ് ഇൻസ്പെക്ഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇത്തരം സംഭരണശാലകളുടെ നിർമ്മാണ പദ്ധതി, വ്യക്തികൾ, കർഷകർ, കർഷകസംഘങ്ങൾ, സ്വാശ്രയ ഗ്രൂപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, വിപണന ബോർഡുകൾ മുതലായവ മുഖേന നടപ്പാക്കുന്നതിന് കേന്ദ്രസർക്കാർ താഴെ പറയുന്ന സഹായങ്ങളാണ് നൽകാൻ വിഭാവന ചെയ്തിട്ടുള്ളത്.<br>i) മലപ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത് എങ്കിൽ വനിത കർഷകയോ വനിത സ്വയം സഹായ സംഘമോ പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട വ്യക്തിയോ ആണെങ്കിൽ മൂലധനചെലവിന്റെ 33.33% ആയിരിക്കും സബ്സിഡി. ഇത് പരമാവധി 62.50 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.<br>ii) കർഷകർ, സഹകരണ സംഘങ്ങൾ എന്നിവർക്ക് 25% ആയിരിക്കും സബ്സിഡി. പരമാവധി 46.27 ലക്ഷം.<br>iii) മറ്റെല്ലാ വ്യക്തികൾക്കും കമ്പനികൾക്കും മുതലായവയ്ക്കും 15% ആയിരിക്കും സബ്സിഡി. പരമാവധി 28.12 ലക്ഷം രൂപ.<br>iv) സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി.യുടെ സഹായത്തോടെ സംഭരണശാലയുടെ പുതുക്കി പണിയലിന് 25ശതമാനമാണ് സബ്സിഡി. |

| | |
|---|---|
| ബി) ഇത്തരം സംഭരണശാലകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) ഇത്തരം സംഭരണശാലകൾ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ആരംഭിച്ചിട്ടില്ല. നിർമ്മാണ പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്നതാണ്. എന്നാൽ ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആന്റ് ഇൻസ്പെക്ഷനിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് സഹകരണ മേഖലയിൽ എൻ.സി.ഡി.സി. മുഖേന 123 ഗ്രാമീണ ഗോഡൗണുകൾ അനുവദിക്കുകയും സബ്സിഡിയായി 109.34 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്.<br>നബാർഡ് മുഖേന 34189 ടൺ ശേഷിയുള്ള 38 ഗോഡൗണുകൾ അനുവദിക്കുകയും 31.3.2012 വരെ 125.56 ലക്ഷം രൂപ നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) കേന്ദ്ര ഗവൺമെന്റിന്റെ ഈ പദ്ധതി സംസ്ഥാനം എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്? | സി) കേന്ദ്ര ഗവൺമെന്റിന്റെ നബാർഡ് വായ്പ ഉപയോഗിച്ച് വെയർഹൗസിംഗ് കോർപ്പറേഷന്റെ 43 ഗോഡൗണുകൾ നവീകരിക്കുകയും പുനർനിർമ്മിക്കുകയും കോർപ്പറേഷന് സ്ഥലമുള്ളയിടങ്ങളിൽ 24 പുതിയ ഗോഡൗണുകൾ നിർമ്മിക്കുകയും സ്ഥലം ലഭ്യമാകുന്നതനുസരിച്ച് 2 താപ നിയന്ത്രണ സംഭരണശാലകളും 11 പുതിയ സംഭരണശാലകളും നിർമ്മിക്കുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ